

little KITEs
Little Kites Magazine 2024
ഉയരെ
GHSS NEELESWARAM

# ഉള്ളടക്കം


ആമുഖം

സന്ദേശം

കവിതകൾ

പഴഞ്ചൊല്ലുകൾ

ചിത്രങ്ങൾ

ലേഖനം

കഥകൾ

ഡിജിറ്റൽ പെയിന്റിങ്

നീലേശ്വരം ഗവഃ
ഹയർസെക്കന്ററി
സ്കൂളിലെ ലിറ്റിൽ
കൈറ്റിലെ
വിദ്യാർത്ഥികൾ



തയ്യാറാക്കിയ **'ഉയരെ'** എന്ന ഡിജിറ്റൽ മാഗസിനിൽ കുട്ടികളുടെ കഥകൾ, കവിതകൾ, മറ്റ് ലേഖനങ്ങൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. കുട്ടികളുടെ വിവിധ കഴിവുകൾ പ്രകടിപ്പിക്കുന്ന തരത്തിൽ തയ്യാറാക്കിയ ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

പ്രധാന അധ്യാപിക
ഗവഃ ഹയർസെക്കന്ററി സ്കൂൾ,
നീലേശ്വരം

# ആമുഖം

മനസിൽ മായാതെ നിൽക്കുന്ന വർണങ്ങളുടെയും അനുഭവങ്ങളുടെയും
ഭാവനയുടെയും ഒരു ലോകമാണ് ഈ ഡിജിറ്റൽ മാഗസിൻ 'ഉയര '
നിങ്ങൾക്കു മുന്നിൽ കാഴ്ചവെക്കുന്നത്. 2023-24 അധ്യയനവർഷതിൽ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഒരുക്കിയ ഈ മാഗസിന്റെ അണിയറയിൽ
പ്രവർത്തിച്ച ഏവർക്കും നന്ദി അറിയിക്കട്ടെ.
കുട്ടികളുടെ സർഗവാസനകളും വിവരസാങ്കേതികവിദ്യാനൈപുണികളുടെ
ഒത്തു ചേർന്ന് സൃഷ്ടിച്ചെടുത്ത അക്ഷരത്തിളക്കത്തിന്റെ ഈ താളുകൾ
നിങ്ങളുടെ മുൻപിലേക്ക് സവിനയം സമർപ്പിക്കുന്നു..........

# മാഗസിൻ ഉപദേശക സമിതി

എഡിറ്റർ: സഞ്ജയ്.പി

അംഗങ്ങൾ:സഞ്ജയ്.യു.എസ്
ആദിദേവ്.സി
അഭിനന്ദ്.എസ്
ധനിക്.ബിഷാൽ
നിരഞ്ജൻ.കെ.ടി
അറഫാത്ത്.എ.കെ
ശിവാനി.എൻ.സി

ഉപദേശകർ:ഉഷ.കെ.വി (HM)
ബിന്ദു ബാസ്റ്റിൻ.സി
അനിതകുമാരി.കെ

# മഹദ് വചനങ്ങൾ

# മഹാത്മാഗാന്ധി



● ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല. അത് തോൽവിയാണ്. എന്തന്നാൽ അത് വെറും നൈമിഷികം മാത്രം.

● ലോകത്തിൽ യഥാർത്ഥ സമാധാനം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ കുട്ടികളിൽ നിന്ന് ആരംഭിക്കുക.

● ഒരു ശിശുവിന്റെ ശരീരത്തിലും, മനസ്സിലും, ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം.

● നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാവുന്നു. ചിന്തകൾ വാക്കുകളും, വാക്കുകൾ പ്രവർത്തികളും, പ്രവർത്തികൾ മൂല്യങ്ങളുമാവുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാവുന്നത്.

# മഴ

മഴ  മഴ പെയ്യുന്നു
മയിലുകൾ നൃത്തം വെക്കുന്നു
മഴ മഴ പെയകയ്യുന്നു
പല പല നിറമതാ മാനത്ത്
മഴവില്ല് അത്ഭുദമാണല്ലോ
തവളകൾ പാട്ടുകൾ പടുന്നു
തകൃതിയായ് മഴയും പെയ്യുന്നു........



9F    ABHINAND S

# മഴ

രാവിൻ മടിത്തട്ടിൽ മയക്കമായി മധുരമായ്പ്പാടിയ രാക്കുയിലും
ചിറകു കുടഞ്ഞെങ്ങോ പറന്നകന്നു പാലൊളി പുഞ്ചിരതൂകിയ
നിലാവും മഴ മേഘത്തെ പുൽകി മയക്കമായി ചാറ്റലായ് പെയ്തു
തുടങ്ങിയ മഴയുടെ നോവുകൾ മണ്ണിൻ മാറിൽ പെയ്തുതോരാതെ
ചുടുനിണം പൊഴിച്ചു നിന്നു എന്നെന്നും
മഴയൊരു വിരഹിണിയായ് പെയ്തു
തീരാത്ത നോവുമായ് രാപ്പകലുകൾ
തേങ്ങിടുന്നു....



"sreehari"

# അമ്പിളി

അമ്പിളിമാമനൊരുമ്മ കൊടുക്കണം
അമ്പിളിമോൾക്കൊരുപൂതിവന്നേ
അമ്പിളി മാമനെ കെട്ടി പിടിച്ച്
മേഘത്തിൽ കീഴിലോളിച്ചീടണം
മേഘത്തിൻ മുറ്റത്ത് ഓടികളിക്കണം
അമ്പിളിമാമെന പാടിയുറക്കണം
രാരീരം രാരീരം താള്ത്തിൽ ചൊല്ലണം
കുഞ്ഞിന്റടുത്തേക്ക് വേഗം വായോ.....



BY ABHINANDH.S
9A

# പുള്ളി പൂമ്പാറ്റ

പാറിപ്പാറി പറന്ന് നടക്കും

പുള്ളി പൂമ്പാറ്റ

പൂവുകൾതോറും ചുറ്റിനടകും

പുള്ളി പൂമ്പാറ്റ

പൂമ്പൊടിയാകെ വാരി വിതറും

പുള്ളി പൂമ്പാറ്റ......



**Adharsh prabeesh**

**9A**

# തിരിച്ചുകിട്ടാനോവ്

വർണക്കടലാസുകളെൻ പുസ്തകത്താളിൻ

വർണതൂലികയാലന്നവർ ,തീർത്ത ചിത്രങ്ങൾ

വർഷങ്ങൾക്കപ്പുറം മരണമില്ലാതെയാ ചായങ്ങൾ

മായാതെൻ ഹൃദയത്തിൻതാളിലായ്....

അന്ത്യമില്ലാതെ തുടരുമ്പോഴും

ആ വിദ്യാലയവും വരാന്തകളും ചങ്ങാത്തവും

തിരിച്ചുകിട്ടാനോവിന്റെ ഭാരവായ്...

ഇടക്കിടെ കോരിച്ചോരിയും മഴയായും

മറ്റുചിലപ്പോൾ ചുണ്ടിലെ,

നറുപുഞ്ചിരിയായും വരാറുണ്ട്



-ADHIDEV C
9B

# കൊത്തി കൊത്തി മരംകൊത്തി



കൊത്തിക്കൊത്തി മരത്തിൽ
പൊത്തുകൾ
തീർക്കും കൊച്ചു മരംകൊത്തി!
ഒത്തിരിവേഗം പൊത്തുണ്ടാക്കാൻ
വിരുത് തികഞ്ഞ മിടുക്കത്തീ!
പറ്റിയ മരവും തേടി നടന്നി-
ട്ടെങ്ങനെ നീയതും കണ്ടെത്തി?
പത്തരമാറ്റിൻ കൊട്ടാരത്തെ
കൊത്തിയെടുക്കും വമ്പത്തീ!
പറയുക,എങ്ങനെ നേടീ നിന്നുടെ
പണിയിൽ കാട്ടും ഈ വൃത്തീ
പൊത്തിനുള്ളിൽ വാസം സുഖമോ
ചൊല്ലെൻ പൊന്നു മരം കൊത്തീ!
കൊത്തു പണിക്കു പെരുന്തച്ചനു നീ
സംശയമില്ല മരംകൊത്തീ!

-അഹല്യ ഹരി

# തോണി

മഴവെള്ളത്തിലിറക്കുന്ന
വർത്തോണി,കളിത്തോണി.
ചാഞ്ഞു ചെരിഞ്ഞത് നീങ്ങുന്ന
തുള്ളികൾ വീണ് പതുങ്ങുന്ന
പിന്നെയുമൊരു മഴ പെയ്യുന്ന
തുള്ളികൾ ചറപറ വീഴുന്ന
വെള്ളക്കെട്ടിൽ മുങ്ങുന്ന
വർണ്ണത്തോണി,കളിത്തോണി



-അമാന

# പൂച്ച

പാൽ കുടിക്കും പൂച്ച
ചാടി കളിക്കും പൂച്ച
തുള്ളി കളിക്കും പൂച്ച
ഓടി കളിക്കും പൂച്ച
കിടന്ന് ഉറങ്ങും പൂച്ച



-അറഫാത്ത് അബൂബക്കർ

# കുഞ്ഞേട്ടന്

കുഞ്ഞിപ്പെണ്ണിനുണ്ടൊരേട്ടൻ
വല്ല്യൊരു കുഞ്ഞേട്ടൻ
കുഞ്ഞിപ്പെണ്ണിനെ കുഞ്ഞായ് കാണും
നല്ലൊരു കുഞ്ഞേട്ടൻ
ഏട്ടൻ കളിമൊഴി ചൊല്ലിച്ചെന്നാൽ
പെണ്ണു പിണങ്ങീടും
കുഞ്ഞികോവിളിൽ പെരുമഴയാർപ്പു
വിളിച്ചു തുടിച്ചീടും
കഥകൾചൊല്ലി കുസൃതികൾ കാട്ടി
ഏട്ടനണഞ്ഞെന്നാൽ
തൊട്ടാവാടിപ്പെണ്ണിൻ ചിരിയോ
മുത്തു കിലുങ്ങും പോൽ!

—Sanjay US

9B



# എന്റെ നാട്



നീളേ നിള നിറഞ്ഞൊഴുകും
നിത്യമനോഹരമെന്റെ നാട്
നിത്യവും പൂക്കൾ വിടർന്നുവിലസും
നിത്യ സൗഭാഗ്യം നിറഞ്ഞ നാട്
പുകൾപെറ്റ വഞ്ചിപ്പാട്ടിന്റെ ഈരടി

പൂങ്കാറ്റിലോടി വരുന്ന നാട്
പൂങ്കുയിൽ പാടി വരുന്ന നാട്
പൂമ്പാറ്റ പാറി വരുന്ന നാട്
തെങ്ങുകളെങ്ങും നിറഞ്ഞുനിന്ന്
തലയാട്ടി താലോലമാട്ടും നാട്
സത്യവും നീതിയും തുല്യതപാലിക്കും
ഐശ്വര്യദേവിയാണെന്റെ നാട്



# ആകാശക്കൊട്ടാരം

കാണാൻ നല്ലൊരു കൊട്ടാരം
താങ്ങാൻ തൂണുകളില്ലല്ലോ
താങ്ങാൻ തൂണില്ലെന്നാലും
താഴെ വീഴുകയില്ലല്ലോ
അന്തിപിറക്കും നേരത്ത്



താരകൾ തെളിയുംനേരത്ത്
പകലവനെന്നൊരു രാജാവ്
പകൽ ഭരിക്കും കൊട്ടാരം
അന്തി പിറക്കും നേരത്ത്
അമ്പിളിമാമൻ രാജാവ്
രാവും പകലും മാറി ഭരിക്കും
നീലാകാശക്കൊട്ടാരം

By:Devangana.K

# മാമരം

മാമരം പെയ്യട്ടെ
മണ്ണിൻ മിഴിയിൽ മന്ദം മന്ദം
മാംപൂ മൊട്ടുകൾ വിടരട്ടെ
കരനിലാവിൽ മഞ്ഞും മഴയും

മതിയാവോള നുകരട്ടെ മാമരം
ചിലയ്ക്കട്ടെ മാപൂ ചില്ലകൾ
തളിർക്കട്ടെ മാനം
മുട്ടെ വളരട്ടെ.

_ ധനിക് ബിഷാൽ.എസ്

# കാള

കന്നുകൂട്ടം കാള
വലിയ കൊമ്പുള്ള കാള
കർഷകന്റെ സ്വന്തം കാള
വെളുവെളുത്ത കാള

-അജ്സൽ



# എന്റെ വിദ്യാലയം

ഓർമകളിൽ തങ്ങി നിൽക്കും വിദ്യാലയം
മറക്കുവാൻ പറ്റാത്ത വിദ്യാകാലം
കളിച്ച് രസിച്ച് നടന്നൊരു വിദ്യാകാലം
മനസ്സിൻ കുളിര് നൽകും വിദ്യാലയം
ഓർമകളിൽ മായാതെ വിദ്യാകാലം




-മിബ്ഹാജ്

# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ,
എനിക്കൊരു പൊൻളുവൽ കൈയ്യിലുടക്കി;
എന്നോ നെയ്ത് കൂട്ടിയ സ്വപ്നം
ഇന്നുമൊരു പൊൻത്തുവലായി,
പ്രഭ ചൊരിയാതെ നിലകൊള്ളുന്നു.
സ്വപ്നമേ! നിന്നെയാരും കാണാതെ;
ആ ഭാണ്ഡക്കെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടേ?
ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ.

*- ഫാത്തിമ ഫൈഹ സി.കെ*

# പൂച്ചയോട്



പൂച്ചേ മുന്നിലിരുന്നിട്ടിങ്ങനെ
ങ്യാവൂ നീട്ടിപ്പാടാതെ.
കൊച്ചൊരു മീനെൻ വശമുണ്ടേ,
ഉച്ചയ്ക്കു ഞാൻ നൽകീടാം,
മച്ചിൽക്കയറിയുറങ്ങാതെ നീ
എലികളെയെല്ലാം ഓടിച്ചോ....

-ജുഹൈന


# കൊച്ചു പൂവ്



ഇത്തിരിപ്പൂവെ ചുവന്നപൂവെ
ഇത്രനാലെങ്ങുനീ പേയി പൂവേ
മണ്ണിനടിയിലൊളിച്ചിരുന്നൊ?
മറ്റജ്ജപൂക്കളെക്കാത്തിരുന്നോ?
വന്നതു നന്നായി തെല്ലനെരം
വല്ലതും പാടിക്കളക്കാം സൈ്വരം
ചെമ്മേറുമീയുടുപ്പാരുതന്നു?
ചേച്ചിക്കൊന്നുമ്മവയ്ക്കാനേ തൊന്നു!
കാറ്റടിച്ചൊമനേ വീണിടൊല്ലേ!
കാലത്തെ വെയിലേറ്റ വാടീടൊല്ല!

# കിയോം കിയോം

കിയോം കിയോം കോഴി കുഞ്ഞേ
അമ്മ പറഞ്ഞാൽ കേട്ടോണേ
കണ്ടവഴിയ്ക്കു നടക്കാതെ
അമ്മയുമൊത്ത് നടന്നോണേ



കാക്കച്ചാരുടെ കാലിൽ പെട്ടാൽ
കുഞ്ഞേ കാര്യം പൊക്കാണേ
അമ്മ പറഞ്ഞത് കേട്ടിലങ്കിൽ
ആപത്താണെണോർഞ്ഞോണെ

- മാളവിക രാജു

# സൗഹൃദബന്ധം

കൈപിടിച്ചു നടക്കാം,
തണലില്ലാ വഴിയിൽ,
നനുത്തൊരാകാശം ചാലിച്ച മൺപാതവക്കിൽ

പങ്കുവെക്കാം മൗനവിഖ്യാത കഥകൾ,
മൂടിവയ്ക്കാം മറവിയുടെ ദളങ്ങൾ

കാതങ്ങൾ ബന്ധിച്ച വികാരാഗ്നി
ബന്ധനം
നെയ്തു പൊന്നായിരം കിനാവിന്റെ ചിരികൾ

കാലം നറുക്കിട്ടു പാറാവിരുന്നിട്ട്
ചൊല്ലി
ഇതാകിലും സൗഹൃദബന്ധം!

- Niranjan K.T

9A



# തത്തയുടെ വിശേഷം



അത്തിമരത്തിൽ
തത്തയിരിപ്പൂ
തിത്തെയ് തകതെയ്
താളത്തിൽ
ചെത്തിമിനുക്കിയ ചെൻചുണ്ട്
പച്ച പുതച്ചൊരു മെയ്യഴകും
മൊത്തം കണ്ടൊരു ചിത്തമറിഞ്ഞു
തത്തേ എന്തു  വിശേഷം ചൊൽ?

-സഫ

'വലിയൊരു ലോകം

നനന്നാകാൻ

ചെറിയൊരു സൂത്രം

ചെവിയിലോതാം ഞാൻ

സ്വയം നന്നാവുക'

-സഞ്ജയി പി

'ലോകസത്യങ്ങൾ രണ്ടത്രെ

ഒന്ന് അന്ധകാരവും

രണ്ട് വിയോഗവും

രണ്ടിനേയും നാം ഭയക്കുന്നു'

-സഞ്ജിയി പി

# നോവുന്ന സത്യം

നേരിൻ സുഗന്ധമെന്നാൽ

നോവുന്ന സത്യമത്രെ.

നോവേറ്റ് പ്രാണൻ പിടയുമ്പോൾ

ആ സത്യം മിഥ്യയായെങ്കിലെന്ന് ആശിച്ചിടും

എങ്കിലുമെന്നെന്നും അവ സത്യമായി ഭവിച്ചിടും

-സഞ്ജയി പി

# ദൈവത്തിന്റെ രൂപം



വ്യത്യസ്ത മതങ്ങളിൽപ്പെട്ട കുറേ പണ്ഡിതന്മാർ ഒരിക്കൽ ഒത്തുകൂടി ദൈവത്തെപ്പറ്റി ചർച്ചയാരംഭിച്ചു. ഒരു കാര്യത്തിൽ പോലും അവർക്ക് ഒരു പൊതു അഭിപ്രായത്തിലെത്താൻ കഴിഞ്ഞില്ല. അവർ ഒരു സന്യാസിയെ സമീപിച്ചു.പണ്ഡിതന്മാർ പറഞ്ഞതെല്ലാം സന്യാസി ക്ഷമയോടെ കേട്ടു.മറുപടി പറയുന്നതിനു മുമ്പ് അദ്ദേഹം തന്റെ ശിഷ്യരോട് ഒരു ആനയേയും മൂന്ന് കുരു-ടന്മാരെയും കണ്ടെത്താൻ പറഞ്ഞു.എല്ലാവരും നോക്കി നിൽക്കെ സന്യാസി മൂന്നു കുരുടന്മാരേയും ആനയുടെ സ-മീപമെത്തിച്ചു.ആനയെ തൊട്ടുനോക്കി ആകൃതി പറയാൻ പറഞ്ഞു.ഒരുവൻ ആനയുടെ കാലാണ് തൊട്ടത് .ഇതൊരു തൂണപോലെയാണല്ലോ,അയാൾ പറഞ്ഞു.രണ്ടാമൻ തൊ-ട്ടുനോക്കിയത്,നല്ല വണ്ണമുള്ള കയർ തന്നെ സംശയമില്ല, അയാൾ പറഞ്ഞു.പണ്ഡിതന്മാരെ പോലെ അവരും ആന യുടെ ആകൃതിയെപ്പറ്റിയുള്ള ചർച്ചയിൽ ഏർപ്പെട്ടു.എല്ലാം കഴിഞ്ഞ് സന്യാസി പണ്ഡിതന്മാരോട് പറഞ്ഞു,നിങ്ങൾ കേട്ടല്ലോ നമ്മുടെ മുമ്പിൽതന്നെ ഉള്ള ഒരു വസ്തുവിനെ പറ്റി വ്യത്യസ്തങ്ങളായ അഭിപ്രായം പറഞ്ഞത്.ഇനി നിങ്ങൾ പറ-യൂ ഇതിൽ ഏതാണ് ശരി..

By:*Sivani N.C*

# കളിയാട്ടം കാറ്റ്



കിളികിളിപാട്ടും  കാടിനുള്ളിൽ
കളികളിയാട്ടം  കാറ്റുണ്ടേ
കളികളിയാട്ടം കാറ്റിൽകയ്യിൽ
ചിരിചിരിക്കും  പൂവുണ്ടേ
ചിരിചിരിക്കും  പൂവിനുള്ളിൽ
മധുമധുമധുരം  തേനുണ്ട
മധുമധുമധുരം  തേനുണ്ണാൻ
മധുമധുമധുപം  വരവുണ്ടേ

-അൻഷിഫ

# പശു

ആലയിലുണ്ടൊരു പശു
വലിയ കൊമ്പുള്ള പശു
പുല്ല് തിന്നും പശു
പാല് തരും പശു

- ഫർഹാൻ



# PROTECTION OF MOTHER NATURE

We all are childrens of mother nature.In that case protection of mother nature is completely the responsibility of us,like we protect our mother.The nature give us many things,Without nature we can't exist in this world.It give us fruits,vegetables,pulses for food, gives oxygen for us to breath ,water to drink etc. like this.Living without breathing we can't even think about it.Even though it give us many things we are not even thinking about it.All we are doing is messing and polluting the nature.It give us many things ,but we



are cutting the trees,dumping wastes in river and river banks,levelling the hills and water resources like many things. We are not only destroying the nature but also the new generatio-n. If we keep destroying and pollutin-g the nature the new generation can't enjoy things that the old generation had enjoyed.So'it is our respo-nsibility to protect the nature.We never thinks that what happen when the nature is destroyed.If the nature is destroyed it means the world is destroyed.This will badly affect the new generation. If we continue doing this the new generation will also follow our path and they will continue destroying nature and it will affect the generation after them.Destroying the nature is just like killing our own mother.The trees we are seeing,the fruits we are eating they are planted by our descendants.when we destroy the nature it will come to an end like flood,land drying,unavailability of water we will regret about what we did.But there is no use if we regret at that time.The bad things we do will affect our children even it is

# ENGLISH PROVERBS

## Great minds think alike

- Great people usually have the same ideas.

## If you snooze, you lose

- You have to act fast to get what you want

## Lie down with dogs , wake up with fleas

- If you associate with bad or dishonest people . bad things will happen to you

## No pain, no gain

- If you don't work hard, you will never achieve your goal

## What's done is done

- You cannot change what has already happened

## Money is the root of all evil

- Money is cause of all problems

## Mind your own business

- Do not interfere with other people's lives and affairs

## Love is blind

- If you love someone you don't notice his or her faults. You think they're perfect

# കള്ളിക്കുറിഞ്ഞി



പമ്മിപ്പമ്മി വരുന്നു
പഞ്ഞി കണക്കെ കുറിഞ്ഞി
കുഞ്ഞിക്കണ്ണുകൾ ചിമ്മി
സുന്ദരിയായ കുറിഞ്ഞി
പാവംപോലെ പതുങ്ങി
വാലുംതാഴ്ത്തി കൊതുങ്ങി
പാലുംകുടിച്ചു പതുക്കെ
പടികളിറങ്ങിപ്പോണു

ADHIDEV C
9B


Niranjan K T


Niranjan K T










-Nithanth-


- Nithanth -


- Nithanth -







# പിന്നെയും പൂക്കും ഈ ചില്ലകൾ
# 'അമ്മ '

തന്റെ സ്കൂൾ ജീവിതം കഴിഞ്ഞിരിക്കുന്നു. ഇനി ഒരു പുതിയ ചുവടുവപ്പിനായി ഉയർന്ന പഠനത്തിലേക്ക് പോകാൻ ആഗ്രഹം ഉണ്ട് പക്ഷെ തന്റെ അമ്മയെ ഒഴിവാക്കി പോരാൻ ആഗ്രഹം ഇല്ല. ഇനി തന്റെ വിദ്യാലയ ജീവിതം തിരിച്ചുവരില്ല എന്ന് അറിയാമെങ്കിലും അവിടെ ഒന്നുകൂടി പോകണം, താൻ അനുഭവിച്ച സന്തോഷങ്ങളുടെയും സങ്കടങ്ങളുടെയും തീരാവേദനകളുടെയും സ്ഥലം ആയിരുന്നു അവിടം. ഇപ്പോൾ താൻ കുറേ വലുതായിരിക്കുന്നു ഒരു അമ്മയുടെ സ്ഥാനം എടുത്തിരിക്കുന്നു ഒരുപാട് പ്രതീക്ഷകളോടെ തന്റെ വിദ്യാലയ ജീവിതം കഴിഞ്ഞ് ഉയർന്ന പഠനത്തിലേക്ക് ശ്രമിച്ചുകൊണ്ടിരിക്കവേ തന്റെ ജീവന്റെ പാതിയായി ഒരാളെ വീട്ടുകാർ നൽകുന്നു, ജീവന്റെ പ്രതീക്ഷകൾ അവസാനിക്കുന്ന ഒരു തുറുചീട്ടുകൂടി ആയിരുന്നു അത്. കേട്ടിട്ടുണ്ട് ഒരുപാട് പ്രതീക്ഷകൾ കൈകൊണ്ട് നടന്ന അമ്മയെ പോലെ താനും ഇപ്പോൾ പ്രതീക്ഷകളും ആഗ്രഹങ്ങളും ഉപേക്ഷിക്കേണ്ടിവന്ന ഒരു അമ്മ എന്ന പദവി ഏറ്റെടുത്തിരിക്കുന്നു, തന്റെ ഉള്ളിൽ തീരാ നോവായി ആ പ്രതീക്ഷ ഇപ്പോഴും നിൽക്കുന്നു. രാത്രിയുടെയും പകലിന്റെയും ആഴങ്ങളിൽ താൻ ഇറങ്ങിചെന്നതുപോലെ ഒരു മാതാവ് എന്ന സ്ഥാനം കൈവരിക്കുമ്പോൾ തന്റെ സ്വപ്നങ്ങളെയും വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നിരിക്കുന്നു. എല്ലാ മാതാവിനും ഇത് തന്നെ ആണോ അനുവതിക്കുന്നത്? അവർക്കും ആഗ്രഹങ്ങളും സ്വപ്നങ്ങളും ഉപേക്ഷിക്കേണ്ടിവന്നവർ ആയി ആണോ? ഇത് തന്റെ മുന്നിലെ ചോദ്യചിഹ്നങ്ങൾ തന്റെ ഒരുപാട് കാലത്തെ സ്വപ്നങ്ങളെ കുഴിച്ചുമൂടണം എന്നാണോ? ഒരു പുതിയ ജീവിതം തുടങ്ങണം എന്നാണോ? ഒരു പെണ്ണ് തന്റെ ഭർത്താവ് കെട്ടിത്തരുന്ന താലി ഇട്ടാൽ പ്രതീക്ഷകൾ ഒക്കെ അവസാനിക്കണം എന്ന് ഇപ്പോഴത്തെ സമൂഹം കരുതുന്നുവോ? തന്റെ ഉള്ളിൽ കനല് പോലെ എരിയുന്ന കുറേ ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ ഇരിക്കുമ്പോൾ അണയാതെ കിടന്ന തീയിലേക്ക് ഒരു തുള്ളി വീഴുമോ തന്റെ പ്രതീക്ഷകൾ അവസാനിക്കാതെ ഇരിക്കണം. തന്റെ ജീവിതത്തിൽ പുതിയ തുടക്കം കുറിക്കണം. നമ്മുടെ പ്രതീക്ഷകൾ പഴകിയ വിത്ത് ആകാൻ വഴിയൊരുക്കരുത്.

- നിരഞ്ജൻ കെ.ടി

# മികവുകൾ


GHSS NEELESWARAM
മുക്കം ഉപജില്ല ലിറ്റിൽ
കൈറ്റ്സ് ക്യാമ്പിൽ
നിന്നും ജില്ലാ ക്യാമ്പിലേക്ക്
തെരഞ്ഞെടുക്കപ്പെട്ടവർ
little KITEs
ലിറ്റിൽ
കൈറ്റ്സ്
ജില്ലാ
ക്യാമ്പ്
2024
2024 ഫെബ്രുവരി 17, 18
GVHSS for Girls
Nadakkave
DEVANGANA
9.F
SANJAY
9.F
അഭിനന്ദനങ്ങൾ
Tap To Remove

